VII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ ഇന്നലെ വൈകിട്ടാണ് കിട്ടിയത്. കിട്ടിയപ്പോൾ 48-ാം വകുപ്പ് ബില്ലിനകത്ത് ഉണ്ടായിരുന്നില്ല. വിട്ടുപോയി. അത് ഇപ്പോഴാണ് സർക്കുലേറ്റ് ചെയ്തത്. അതു കാരണം 48-ാം വകുപ്പിന് ആരും ഭേദഗതി കൊടുത്തിട്ടില്ല. ഇതിനൊരു ക്രമീകരണം ഉണ്ടാകണം.

മി. സ്പീക്കർ: അത് സംബന്ധിച്ച് ആർക്കെങ്കിലും വേണമെങ്കിൽ സംസാരിക്കാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): അതിൽ അക്സപ്റ്റ് ചെയ്യാനുള്ള ഏതെങ്കിലും ഭേദഗതികളുണ്ടെങ്കിൽ ഓറലായിട്ട് അവതരിപ്പിച്ചാൽ സ്വീകരിക്കാം.

VIII. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. എ. കെ. ബാലൻ: സർ, ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമെന്ന് പറഞ്ഞതാണ്. സഭ ഇന്ന് പിരിയുകയാണ്. ഇന്നേവരെ മേശപ്പുറത്ത് വച്ചിട്ടില്ല. ജസ്റ്റിസ് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് സഭ തുടങ്ങുമ്പോൾ വയ്ക്കുമെന്നു പറഞ്ഞതാണ്. അത് എപ്പോൾ വയ്ക്കുമെന്ന് പറയാൻ പറ്റുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ആക്ഷൻ ടേക്കൺ റിപ്പോർട്ട് പൂർത്തിയായിട്ടില്ല. പൂർത്തിയായാലുടൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

നിയമനിർമ്മാണകാര്യം (തുടർച്ച)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇവിടെ അഞ്ചു പേർ വിയോജനക്കുറിപ്പ് തന്നിട്ടുണ്ട്. രണ്ടു പേരുടെ ഭേദഗതിയുണ്ട്. അങ്ങനെ ഏഴു പേർക്ക് സംസാരിക്കണം. അഞ്ചു മിനിട്ട് തൊട്ട് പത്തു മിനിട്ടുവരെ സമയം എടുക്കാം. ദയവുചെയ്ത് പത്തു മിനിട്ടിൽ കൂടുതൽ ആരും എടുക്കരുത്. ഇതുവരെ 900 ഭേദഗതികൾ വന്നിട്ടുണ്ട്. പുതിയതായി ഒരു സെക്ഷന്റേത് വരാനുണ്ട്. നമുക്ക് ഉച്ചയ്ക്ക് പിരിയണം. ദയവുചെയ്ത് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ആവശ്യമില്ലാത്ത ഭേദഗതികൾ മൂവ് ചെയ്യരുത്. എല്ലാത്തിനേയും കുറിച്ച് സംസാരിക്കാൻ നിൽക്കരുത്. വിയോജനക്കുറിപ്പ് തന്നിട്ടുള്ളവരും ഭേദഗതികൾ തന്നിട്ടുള്ളവരും ഒരു കാരണവശാലും പത്തു മിനിട്ടിൽ കൂടുതൽ എടുക്കരുത്. ഇന്നലെ പത്തു മിനിട്ട്

LIBRARY ARCHIVES Kerala Legislative Assembly